# ഇതാകുന്നു നമ്മുടെ ജീവിത പ്രത്യാശ!

തോമസ് ഫിലിപ്പ് റാന്നി

**ഏ**തൊരു കാലയളവിൽ ജീവിച്ചിരുന്ന മനുഷ്യരേക്കാളും അധികം മരണഭീതിയിലും അരക്ഷിതാവസ്ഥയിലുമാണ് ആധുനിക മനുഷ്യർ ഇന്ന് ജീവിക്കുന്നത്. സ്വവർഗ്ഗ വിവാഹമുൾപ്പെടെയുള്ള ലൈംഗിക വഷളത്തരങ്ങളും ഭീകരാക്രമണങ്ങളുമൊക്കെയാണ് ഇന്നിന്റെ സവിശേഷതകൾ. മനുഷ്യർ ഇന്ന് ഭീതിയിലും നിരാശയിലും മാനസ്സിക സംഘർഷങ്ങളിലും രോഗപീഢകളിലുമൊക്കെയാണ് ജീവിക്കുന്നത്. എവിടെയും അസമാധാനം! ജീവിത തകർച്ച!

അനിർവ്വചനീയമായ ഈ ദൃശ്യമായൊരു അപകടാവസ്ഥയിലൂടെ ഉത്കണ്ഠാകുലരായി ജീവിക്കുന്ന മനുഷ്യരാശിക്ക് ഇന്നൊരു രക്ഷാമാർഗ്ഗമുണ്ടോ? എന്തെങ്കിലുമൊരു ജീവിത പ്രത്യാശയുണ്ടോ? ഇല്ലെന്നുള്ളതല്ലേ സത്യം? ആത്മീയ ജീവിതം നയിക്കുന്നു എന്ന് അവകാശപ്പെടുന്ന ബഹുഭൂരിപക്ഷം ദൈവവിശ്വാസികളുടെയും ജീവിതത്തിൽ എല്ലാറ്റിനും മതിയായവനായ ഒരു ദൈവമുണ്ടോ? ജീവിത പ്രത്യാശയുണ്ടോ? ദൈവീകസത്ത അനുഭവിച്ചറിയേണ്ട വലിയ വിഷയമാണ്.

ഭയം ഇന്ന് വിവിധ രൂപങ്ങളിലും ഭാവങ്ങളിലുമായി എല്ലാ മനുഷ്യരേയും ഗ്രസിച്ചു കൊണ്ടിരിക്കുന്നു. ഭൂമിയിൽ കൂടിയോ ആകാശത്തിൽ കൂടിയോ പ്രാണഭീതി കൂടാതെ യാത്ര ചെയ്യുവാൻ മനുഷ്യർക്ക് ഇന്ന് സാധ്യമല്ലെന്ന് വന്നിരിക്കുന്നു. എന്നാൽ ജീവിതത്തിലെ ഏറ്റവും വലിയ ഭയമായ മരണത്തെപ്പോലും കീഴ്പ്പെടുത്തിയ ദൈവപുത്രനായ ക്രിസ്തുവിൽ അടിയുറച്ച് വിശ്വസിക്കുന്ന ഒരു ക്രിസ്തുവിൽ അടിയുറച്ച് വിശ്വസിക്കുന്ന ഒരു ക്രിസ്തു ഭക്തനെ ഭയമോ നിരാശയോ നഷ്ടബോധമോ ഒന്നും തന്നെ അലട്ടുകയില്ല. കാരണം മരണത്തോടു കൂടി മനുഷ്യജീവിതം അവസാനിക്കുന്നില്ല എന്ന് അവൻ വിശ്വസിക്കുന്നു. ‘എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്. ഇല്ലെങ്കിൽ ഞാൻ നിങ്ങളോട് പറയുമായിരുന്നു’. ജീവിതത്തിൽ ഒരിക്കൽപ്പോലും ആരോടും കള്ളം പറഞ്ഞിട്ടില്ലാത്ത യേശു ലോകത്തിന് നൽകിയിരിക്കുന്ന വാഗ്ദാനമാണിത്. ഈസ്റ്ററിന്റെയും ക്രിസ്തീയ വിശ്വാസങ്ങളുടെയും ആത്മസത്ത ഇതാകുന്നു.

ക്രിസ്തുവിനല്ലാതെ മറ്റൊരു മതനായകനോ, ശാസ്ത്രത്തിനോ തത്വസംഹിതയ്ക്കോ പ്രത്യയശാസ്ത്രങ്ങൾക്കോ ജീവിത തകർച്ചകളിൽ നിന്നും നിരാശതകളിൽ നിന്നും മരണത്തിൽ നിന്നും മനുഷ്യനെ രക്ഷിക്കുവാൻ കഴിയുകയില്ല. ‘ഹേ മരണമേ നിന്റെ ജയം എവിടെ? ഹേ മരണമേ നിന്റെ വിഷമുള്ളത് എവിടെ?’ എന്ന് മരണത്തെ വെല്ലുവിളിക്കാൻ ‘യേശുവിന്റെ ചൂടടയാളം ശരീരത്തിൽവഹിക്കുന്ന’ തന്റെ വിശ്വസ്ത ഭക്തന്മാർക്കേ കഴിയുകയുള്ളൂ. വിശ്വാസികളുടെ പിതാവായ അബ്രഹാമിമനോട് ദൈവം പറഞ്ഞു ‘അബ്രഹാമേ, ഭയപ്പെടേണ്ട, ഞാൻ നിന്റെ പരിചയും അതിമഹത്തായ പ്രതിഫലവുമാകുന്നു’ എന്ന്. ദൈവത്തെ അവഗണിച്ച് ജീവിക്കുന്ന ആധുനിക മനുഷ്യർക്കും, അറിയേണ്ട വിധത്തിൽ അവനെ അറിയാത്ത ആത്മീയ ലോകത്തിനും ദൈവത്തിന്റെ അതിമഹത്തായ പ്രതിഫലമെന്തെന്ന് മനസ്സിലാക്കുവാൻ ഇന്ന് സാധിക്കാതെ പോയിരിക്കുന്നു.

അസംഖ്യമാളുകൾ മാരകരോഗങ്ങൾ ബാധിച്ച് ആശയറ്റവരായി ജീവിക്കുന്നുണ്ടിന്ന്. കാൻസർ ബാധിച്ച് വർഷങ്ങളായി വേദന നിന്ന് മരണക്കിടക്കയിലായിരുന്ന ഭക്തയായ ഒരു വനിത 365 ദിവസം ധ്യാനിക്കാനുള്ള ‘പുഞ്ചിരിക്കൂ, ദൈവം നിന്നെ സ്നേഹിക്കുന്നു’ എന്നുള്ള മനോഹരവും പ്രത്യാശാനിർഭരവുമായ ഒരു പുസ്തകം തകർന്നവരായി ജീവിക്കുന്ന ആളുകൾക്ക് വായിക്കുവാൻ വേണ്ടി വലതുകരം തളർന്നു പോയിട്ടും ഇടതു കൈകൊണ്ടെഴുതി പ്രസിദ്ധീകരിച്ച ശേഷമാണ് മിസ്സസ് ഡെയ്സി ഏബ്രഹാം രോഗവും ദുഃഖങ്ങളും കഷ്ടതകളുമില്ലാത്ത തന്റെ പിതൃഭവനത്തിലേക്ക് യാത്രയായതെന്നുള്ള സത്യം ഭംഗ്യന്തരേണ ഞാനിവിടെ പറഞ്ഞുകൊള്ളട്ടെ. ഒരു സുവിശേഷകന്റെ ഭാര്യയായിരുന്ന ആ മാന്യമഹിളയോട് ഞാൻ പല പ്രാവിശ്യം ടെലഫോണിലൂടെ അവരുടെ രോഗക്കിടക്കയിൽ സംസാരിച്ചിട്ടുണ്ട്. മരണത്തിന്റെ മുമ്പിൽ പോലും അവരെ നിരാശത ബാധിച്ചിരുന്നില്ല എന്നുള്ള സത്യം അത്ഭുതത്തോടു കൂടി ഞാനിവിടെ സ്മരിക്കുകയും ചെയ്യുന്നു. ഇതിന്റെ പേരാണ് ദൈവകൃപ! എത്ര വലിയ കഷ്ട, ദുഃഖാനുഭവങ്ങളിലും വേദനകളിലും മഹാദുഃഖങ്ങളിലും പീഢ

നങ്ങളുടെയുമൊക്കെ കൈയ്പ്പുനീര് കുടിച്ച ദൈവപുത്രനായ ക്രിസ്തുവിന്റെ കൃപ നമ്മേ മുമ്പോട്ടും താങ്ങി നടത്തും. കഷ്ടതയും പീഢനങ്ങളും ഏറെ അനുഭവിച്ച നീതിമാനായിരുന്ന ഇയ്യോബിന്റെ കൂടെയും സർവ്വങ്കഷമായ ദൈവകൃപയുണ്ടായിരുന്നു!

പാപശിക്ഷയായ മരണത്തിൽ നിന്നും മനുഷ്യവർഗ്ഗത്തെ രക്ഷിപ്പാൻ കാൽവറി ക്രൂശിൽ തന്റെ പുണ്യരക്തം ചിന്തി മരിച്ച ദൈവപുത്രനായ ക്രിസ്തുവിനെയും ലോകോത്തരമായ അവന്റെ മഹാത്യാഗത്തെയും നിഷേധിക്കുവാൻ ലോകത്തിന് ഒരിക്കലും കഴിയുകയില്ല. ലോകത്തിന്റെ 5 വൻകരകളിലായി ഉയർന്നു നിൽക്കുന്ന കുരിശുകൾ ഈ സത്യം തന്നെയാണ് ശോകമായ ഭാഷയിൽ ലോകത്തോട് വിളിച്ചറിയിച്ചുകൊണ്ടിരിക്കുന്നതും. അങ്ങനെ നമ്മുടെ പെസഹാ കുഞ്ഞാടായ ക്രിസ്തു നമുക്കു വേണ്ടി അറുക്കപ്പെട്ടു. ക്രിസ്തുവിന്റെ തിരുജനനത്തിനും പല നൂറ്റാണ്ടുകൾക്ക് മുൻപായി ജീവിച്ചിരുന്ന യെശയ്യാ പ്രവാചകനാകട്ടെ ക്രിസ്തുവിന്റെ ക്രൂശു മരണത്തെപ്പറ്റി പ്രവചിച്ചിട്ടുള്ളത് എന്നാൽ അവനെ തകർത്തു കളവാൻ യഹോവയ്ക്ക് ഇഷ്ടം തോന്നി. അവൻ അവനു കഷ്ടം വരുത്തി എന്നാകുന്നു. ഹൈന്ദവ ചിന്തകനായിരുന്ന സി. രാജഗോപാലാചാരി പറഞ്ഞു 'ക്രിസ്തുവിന്റെ ക്രൂശ് മരണം മനുഷ്യവർഗ്ഗത്തിന്റെ ഉദ്ധാരണത്തിനായി ദൈവത്താൽ മുൻ നിർണ്ണയിക്കപ്പെട്ടതായിരുന്നു' എന്ന്. ഇതാണ് മനുഷ്യന്റെ വീണ്ടെടുപ്പിന്റെ കഥ!

ഫെന്നി ക്രോസ്ബേ, യോടു ചേർന്ന് നമുക്കും വീണ്ടെടുപ്പിന്റെ മനോഹരമായ ഈ ഗാനം പാടി ദൈവത്തെ മഹത്വപ്പെടുത്താം:

Blessed assurance, Jesus is mine

O what a foretaste of glory devine

Heir of salvation, purchase of God

Born of His Spirit, washed in His blood

This is my story, this is my song

Praising my Saviour all the day long.

യേശു മാർത്തയോട് പറഞ്ഞു 'ഞാൻ തന്നെ പുനരുത്ഥാനവും ജീവനുമാകുന്നു. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും' ഇതാകുന്നു എല്ലാ ക്രിസ്തു വിശ്വാസികളുടെയും ജീവിത പ്രത്യാശ. ക്രിസ്തു മാനവരാശിക്ക് നൽകുന്ന വിലയേറിയ ദാനം നിത്യജീവനാകുന്നു! ഇതാകുന്നു നമ്മുടെയും ഏക ജീവിത പ്രത്യാശ! ചിന്തിക്കുക, ഞാനും നിങ്ങളും മരിച്ചാൽ വീണ്ടും ജീവിക്കുമോ? ഇല്ലെങ്കിൽ മനുഷ്യജീവിതത്തിന് എന്തർത്ഥം? എല്ലാ കേരളാ എക്സ്പ്രസ്സ് വായനക്കാർക്കും പത്രപ്രവർത്തകർക്കും സന്തുഷ്ടപൂർണ്ണമായ ഈസ്റ്റർ ആശംസകൾ!

***********